**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – ജവഹർലാൽ നെഹറു ദേശീയ നഗരപുനരുദ്ധാരണ മിഷൻ (ജെ.എൻ.എൻ.യു.ആർ.എം) – തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതം പ്രോജക്ട് അക്കൗണ്ടിൽ അടയ്ക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഭേദഗതി ചെയ്ത് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

ജി.ഒ (എം.എസ്) നം.96/08/തസ്വഭവ        തിരുവനന്തപുരം, തീയതി : 27/03/2008

പരാമർശം : 1) 30/03/2007 ലെ ജി.ഒ.(എം.എസ്) 97/2007/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2) 18/08/2007 ലെ ജി.ഒ (സാധാ) 6367/07/ധന നമ്പർ സർക്കാർ ഉത്തരവ്.

## ഉത്തരവ്

നഗരസഭാ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ജവർലാൽ നെഹറു ദേശീയ നഗരപുനരുദ്ധാരണ മിഷൻ (ജെ.എൻ.എൻ.യു.ആർ.എം) പ്രോജക്ടിലെ വിവിധ പരിപാടികൾക്ക് കേന്ദ്ര ഗവൺമെന്റ്, സംസ്ഥാന ഗവൺമെന്റ്, നഗരസഭാ സ്ഥാപനങ്ങൾ എന്നിവ നിശ്ചിത അനുപാതത്തിലാണ് വിഹിതം വകയിരുത്തുന്നത്. ആ പ്രോജക്ട് ഏറ്റെടുത്തിട്ടുള്ള നഗരസഭാ സ്ഥാപനങ്ങളുടെ വിഹിതം ബന്ധപ്പെട്ട നഗരസഭകളുടെ വികസന ഫണ്ടിൽ വകയിരുത്തി ആ പ്രോജക്ടിന്റെ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് മുഖേന അനുവാദം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ 2006–07 വാർഷിക പദ്ധതിക്ക് മാത്രം ബാധകമാണോ എന്നും നഗരസഭ സ്ഥാപനത്തിന്റെ വിഹിതം പ്രോജക്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതു സംബന്ധിച്ചും വിശദീകരണം നൽകണമെന്ന് ചില നഗരസഭാ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ജവഹർലാൽ നെഹറു ദേശീയ നഗരപുനരുദ്ധാരണ മിഷൻ പ്രോജക്ടിലെ വിവിധ പരിപാടികളുടെ നഗരസഭാ സ്ഥാപനങ്ങളുടെ വിഹിതം വകയിരുത്തുന്നത് സംബന്ധിച്ച് പരാമർശം ഒന്ന് മുഖേന പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശങ്ങൾ 2006–07 മുതൽ തുടർന്നുള്ള എല്ലാ വർഷങ്ങളിലും ബാധകമാണ് എന്ന് വ്യക്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പരാമർശത്തിലെ സർക്കാർ ഉത്തരവ് ഈ രീതിയിൽ ഭേദഗതി ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.എം.വിജയാനന്ദ്,**
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും, സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
4. ഡയറക്ടർ, നഗരകാര്യ വകുപ്പ്
5. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
6. എല്ലാ ജില്ലാ കളക്ടർ (ആസൂത്രണ സമിതി സെക്രട്ടറി) മാർക്കും
7. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
8. എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
9. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
10. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും
11. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
12. സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
13. മുഖ്യ നഗരാസൂത്രകൻ
14. ട്രഷറി ഡയറക്ടർ
15. അക്കൗണ്ടന്റ് ജനറൽ (അക്കൗണ്ട്സ്), (എ & ഇ), തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**